**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 439** **15-03-2023 - ൽ മറുപടിയ്ക്ക്**

**യൂണിവേഴ്സിറ്റികളെ അന്തർദേശീയ നിലവാരത്തിലാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. കെ.പി.മോഹനൻ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളെ അന്തർദേശീയ നിലവാരത്തിൽ ഉയർത്താൻ സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളെ അന്തർദേശീയ നിലവാരത്തിൽ ഉയർത്താൻ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br><br>**1. കരിക്കുലം പരിഷ്കരണം:-** ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ ശുപാർശകളുടെ ഭാഗമായി കരിക്കുലം പരിഷ്കരിക്കുന്നതിനും 4 വർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനുമായി സർക്കാർ പ്രൊഫ. സുരേഷ് ദാസ് അദ്ധ്യക്ഷനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കരിക്കുലം കമ്മിറ്റി (Kerala State Curriculum Committee for Higher Education) രൂപീകരിച്ചിരുന്നു (സ.ഉ(സാധാ)നം. 35/2023/HEdn dt 06.01.2023). പ്രസ്തുത കമ്മിറ്റി പരിഷ്കരിച്ച ബിരുദ പ്രോഗ്രാമുകളുടെ പാഠ്യപദ്ധതിയുടെ ചട്ടക്കൂട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധനയിലാണ്.<br><br>**2. പുതുതലമുറ കോഴ്സുകൾ:** സർവ്വകലാശാലകളിലും കോളേജുകളിലും പുത്തൻ തലമുറ (New Generation Inter Disciplinary) സ്വഭാവമുള്ള 170 ഓളം കോഴ്സുകൾ ആരംഭിക്കുകയുണ്ടായി.<br><br>**3. സർവ്വകലാശാലകളിൽ പ്രോജക്റ്റ് മോഡ് പ്രോഗ്രാമുകൾ,** ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ**,** ഇന്റർനാഷണൽ / ഡൊമസ്റ്റിക് ഹോസ്റ്റലുകൾ എന്നിവ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു**.**<br><br>**4. സെൻറേഴ്സ് ഓഫ് എക്സലൻസ് (CoE):-** സർവ്വകലാശാലകൾക്കുള്ളിൽ സെന്റേഴ്സ് ഓഫ് എക്സലൻസ് ആരംഭിക്കുന്നതിനായി രൂപീകരിച്ച |

| | | | |
|---|---|---|---|
| | | | അഡ്വൈസറി കമ്മിറ്റി താഴെപ്പറയുന്ന സെന്റേഴ്സ് ഓഫ് എക്സലൻസ് സംബന്ധിച്ച ശുപാർശ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.<br><br>5. **മറ്റ് പ്രധാന പദ്ധതികൾ**:-<br><br>കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്കിന്റെ വികസനത്തിന് കാൽനെറ്റ് .<br><br>ഇ-ജേർണൽ കൺസോർഷ്യം<br><br>ഡിജികോൾ<br><br>ഓൺലൈൻ ഡിജിറ്റൽ ശേഖരം<br><br>കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (KIRF)<br><br>അദ്ധ്യാപക പരിശീലന പദ്ധതി<br><br>സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ (SAAC)<br><br>ബ്രെയിൻ ഗെയിൻ - (ലോകമെമ്പാടുമുള്ള കേരളീയ അക്കാദമിക് ഡയസ്പോറയെ കുറിച്ചുള്ള ഡേറ്റാബേസ്)<br><br>എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം<br><br>ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്. |
| (ബി) | ഭാവി സാദ്ധ്യതകൾ മുന്നിൽ കണ്ട് ഉന്നത വിദ്യാഭ്യാസ രംഗത്ത് കൂടുതൽ റിസർച്ച് സൗകര്യങ്ങൾ ഉൾപ്പെടെ അനുവദിച്ച് സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളെ കൂടുതൽ ആകർഷകമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | ഉന്നത വിദ്യാഭ്യാസ രംഗത്ത് കൂടുതൽ റിസർച്ച് സൗകര്യങ്ങൾ ഉൾപ്പെടെ അനുവദിച്ച് സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളെ കൂടുതൽ ആകർഷകമാക്കാൻ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br><br>**1. സെന്റേഴ്സ് ഓഫ് എക്സലൻസ്:-**<br>സർവകലാശാലകൾക്കുള്ളിൽ സെന്റേഴ്സ് ഓഫ് എക്സലൻസ് സ്ഥാപിക്കുന്നത് സംബന്ധിച്ച് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധനയിലാണ്. ഉന്നത വിദ്യാഭ്യാസ വകുപ്പിലെ സർവ്വകലാശാലയുമായി ബന്ധപ്പെട്ട താഴെ പറയുന്ന നിർദ്ദേശങ്ങളാണ് പരിശോധനയിലുള്ളത്.<br><br>കേരള സർവ്വകലാശാല ക്യാമ്പസിൽ താണു പത്മനാഭൻ സെന്റർ ഓഫ് എക്സലൻസ് ഇൻ അസ്ട്രോണമി ആന്റ് ആസ്ട്രോഫിസിക്സ്. |

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂറോഡീജനറേഷൻ ആന്റ് ബ്രെയിൻ ഹെൽത്ത്.

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി.

**2. ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ:-** ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഗവേഷണ കണ്ടെത്തലുകൾ നാടിന്റെ ഉല്പാദന മേഖലയ്ക്ക് ഗുണകരമാകുന്ന തരത്തിൽ ഉപയോഗിക്കപ്പെടണം. അക്കാദമിക് വൃത്തത്തിൽ ചുരുങ്ങി നിൽക്കാതെ പ്രായോഗിക ജീവിതത്തിന് ഗുണപ്പെടുന്ന തരത്തിൽ ഉന്നത വിദ്യാഭ്യാസ മേഖല മാറണം. അതിനായി ട്രാൻസ്ലേഷണൽ ലാബുകളും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്ന ഇൻകുബേഷൻ കേന്ദ്രങ്ങളും കൂടുതൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**3. ഇ-ജേർണൽ കൺസോർഷ്യം:-** സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും/ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിനും മറ്റും അനിവാര്യമായ ഇ-ജേർണൽ വിഭവങ്ങൾ പ്രദാനം ചെയ്യുന്നതിന് സംസ്ഥാനതല ഇ-ജേർണൽ കൺസോർഷ്യം (State Level E-Journal Consortium) പ്രവർത്തനക്ഷമമാണ്. പ്രമുഖ പ്രസാധകരായ എൽസെവിയർ, knimbus എന്നിവരുമായി പ്രവർത്തന കരാർ നിലവിൽ വന്നു കഴിഞ്ഞു. എൽസെവിയർ ഗ്രൂപ്പിന്റെ പ്രസിദ്ധീകരണങ്ങളായ സയൻസ് ഡയറക്ടും സ്കോപ്പസും ഇതിൽ ഉൾപ്പെടും. ഇത് ഗവേഷണ പ്രവർത്തനങ്ങൾക്ക് ഏറെ സഹായകരമായ സംവിധാനമാണ്.

**4. കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്ക് (കാൾനെറ്റ്): -** കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ സർവകലാശാല ലൈബ്രറികൾ കൂട്ടിയിണക്കി സംസ്ഥാനതലത്തിൽ കേരള അക്കാദമിക് ലൈബ്രറി നെറ്റ്വർക്ക് (Kerala Academic Library Network - KALNET) പ്രവർത്തനം ആരംഭിച്ചു. ഉന്നത വിദ്യാഭ്യാസ മേഖലയിലെ ലൈബ്രറികളുടെ നെറ്റ് വർക്ക് പ്രാവർത്തികമാകുന്നതോടെ വിജ്ഞാന വിഭവങ്ങളുടെ വിതരണം കൂടുതൽ ഫലപ്രദവും വേഗത്തിലുമാകും. ഇത് പഠന ഗവേഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഉണർവ് നൽകാൻ സഹായകരമാകും.

| | | | |
|---|---|---|---|
| | | | **5. ബ്രെയിൻ ഗെയിൻ:-** കേരളത്തിന് പുറത്ത് വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന മലയാളികളായ പ്രഗത്ഭ വ്യക്തികളുടെ വിജ്ഞാന സമ്പത്ത് സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന  ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഇതു സംബന്ധിച്ച വിവരശേഖരണം നടത്തി കഴിഞ്ഞു. Building Up Database of the Keralite – Academic Diaspora around the Globe എന്ന പേരിലാണ് ഈ പ്രോജക്ട് നടപ്പിലാക്കിവരുന്നത്. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക, ഗവേഷണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് ഇത് ഏറെ സഹായകരമായിരിക്കും.<br><br>**6. എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം:-** സംസ്ഥാനത്തെ സർവകലാശാലകളിലെയും കോളേജുകളിലെയും അക്കാദമിക് സമൂഹത്തിന് നൊബേൽ ജേതാക്കളടക്കമുള്ള അക്കാദമിക് വിദഗ്ധരുമായി ആശയ വിനിമയം നടത്തുന്നതിനും അതിലൂടെ അക്കാദമിക് നെറ്റ് വർക്ക് വികസിപ്പിക്കുന്നതിനും കൂടിയാണ് എറുഡൈറ്റ് സ്കോളർ ഇൻ റസിഡൻസ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ സംസ്ഥാനം സന്ദർശിച്ച എറുഡൈറ്റ് സ്കോളറുമായി ചേർന്ന് നിരവധി അക്കാദമിക പ്രൊജക്ടുകളും, പ്രബന്ധങ്ങളും, സംസ്ഥാനത്തെ  സർവകലാശാല/ കോളേജ് അദ്ധ്യാപകരും ഗവേഷകരും തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ